# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## സെന്റ് ജോർജ്ജ് പബ്ലിക് സ്കൂൾ

കണിയാമ്പറ്റ.

# ഉള്ളടക്കം



| SL NO | CONTENT | PAGE NO |
|---|---|---|
| 1 | ഉള്ളടക്കം | 1 |
| 2. | PROFILE | 2 |
| 3. | ആമുഖം | 3,4 |
| 5. | ലക്ഷ്യങ്ങൾ | 5, 6 |
| 6 | അധ്യാപകരും വിവരങ്ങളും | 7 |
| 7. | പ്രശ്നങ്ങൾ/വെല്ലുവിളികൾ. | 8, 9 |
| 8. | അക്കാദമിക മാസ്റ്റർ പ്ലാൻ | 10 |
| | മലയാളം | 10,11,12 |
| | ഹിന്ദി | 13,14 |
| | ഇംഗ്ലീഷ് | 15,16,17 |
| | സയൻസ് | 18,19 |
| | സാമൂഹ്യശാസ്ത്രം | 20, 21 |
| | ഗണിതം | 22,23 |
| | ആരോഗ്യകായികം | 24,25 |
| | ഐ.സി.ടി. | 26 |
| 9. | ഉപസംഹാരം. | 27 |

# PROFILE

Name of school : st. George public School Kaniyambetta

Date of Establishment : 2000

Name of Village : Kaniyambetta
Name of cluster : Vythiri
Name of Panchayath : Kaniyambetta
Name of Block : Panamaram.
Name of BRC with Phone Number : Vythiri : 9947006538
Name of District : Wayanad.
Name of Subdistrict : Vythiri
Name of H.M : Padmanabhan. K
Mob. Number : 7558053627
Senior Assistant : Rekhamol Ajith
E-Mail. ID : stgeorgeschoolkbta@gmail.com
School Code No : 15262
Name of Taluk : Vythiri
School Manager : Fr. Sinu chacko
Mob. Number. : 9048060404

# ആമുഖം

വയനാട് ജില്ലയിലെ വൈത്തിരി ഉപജില്ലയിൽ കണിയാമ്പറ്റ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന അൺ-എയ്ഡഡ് യു.പി. വിദ്യാലയമാണ് സെന്റ്-ജോർജ്ജ് പബ്ലിക് സ്കൂൾ കണിയാമ്പറ്റ. 2000 ത്തിൽ ആരംഭം കുറിച്ച ഈ വിദ്യാലയം പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലും അക്കാദമിക നിലവാരത്തിലും വളരെ മുൻപന്തിയിൽ നിൽക്കുന്ന ഒന്നാണ്. വൈദഗ്ധ്യവും സേവനതൽപരരായ അധ്യാപകരുടെ മേൽനോട്ടത്തിൽ 25 വർഷം പിന്നിടുന്ന ഈ വിദ്യാലയം വൈത്തിരി ഉപജില്ലയിലെ മികച്ച വിദ്യാലയങ്ങളിൽ ഒന്നാണ്

ശാസ്ത്രമേള, കലാകായിക മേള, വിദ്യാരംഗം കലാ സാഹിത്യവേദി മത്സരങ്ങൾ തുടങ്ങിയ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ച്ചവയ്ക്കുവാൻ നമ്മുടെ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. ഗണിതക്ലബ്ബ്, സയൻസ് ക്ലബ്, ഇംഗ്ലീഷ് ക്ലബ്ബ്, സോഷ്യൽ ക്ലബ്ബ്, വിദ്യാരംഗം കലാസാഹിത്യവേദി, ഇക്കോ ക്ലബ്ബ് തുടങ്ങിയ വിവിധ ക്ലബ്ബുകൾ വിവിധ അധ്യാപകരുടെ നേതൃത്വത്തിൽ സ്കൂളിൽ പ്രവർത്തിച്ചു വരുന്നു.

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ടു നയിക്കുവാൻ

വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.

വിദ്യാലയത്തിന്റെ സമഗ്രപുരോഗതി ലക്ഷ്യമാക്കിയുള്ള അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ നിലവിലുള്ള മികവുകളും പരിമിതികളും പൂർണ്ണമാർത്ഥത്തിൽ തിരിച്ചറിയാൻ സഹായിക്കുന്നു. കേരളത്തിലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സാങ്കേതികവിദ്യയെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിലും നല്ല പഠനാന്തരീക്ഷവും മികച്ച പഠനരീതികളും സംജാതമാകുന്നു. ദേശീയ-അന്തർദേശീയ തലങ്ങളിൽ നടന്ന വിവിധ പഠനങ്ങളിൽ കേരളം വിദ്യാഭ്യാസത്തിൽ ഏറെ മുന്നിലാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. വിദ്യാഭ്യാസ അവകാശ നിയമത്തിൽ പരാമർശിക്കുന്ന വിദ്യാർത്ഥിയുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം ഇനിയും പ്രാപ്യമാക്കേണ്ടതുണ്ട്.

മേൽപറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് വിദ്യാലയത്തെ സമൂലമായി മാറ്റിയെടുക്കേണ്ടതുണ്ട്. വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുവാനുള്ളതാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ.

# ലക്ഷ്യങ്ങൾ

* ഓരോ ക്ലാസുകളിലും ഓരോ വിഷയവുമായി ബന്ധപ്പെട്ട് വേണ്ട മുഴുവൻ ശേഷികളും കുട്ടികൾക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.

* ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.

* ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.

* പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.

* മുഴുവൻ കുട്ടികൾക്കും ശാസ്ത്രപഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക.

* ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക, അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാൻമാരാക്കുക.

* പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.

* പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.

* തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.

* സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

* പ്രാദേശികമായി ലഭ്യമായ റിസോഴ്സുകളെ/ വിഭവങ്ങളെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുക.

* കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനാവശ്യമായ രീതിയിൽ കായികപ്രവർത്തനങ്ങൾ നടപ്പിലാക്കുക.

# അദ്ധ്യാപകരും വിവരങ്ങളും

2025 – 26

| | അദ്ധ്യാപകന്റെ പേര് | സബ്ജക്ട് കൗൺസിൽ | ക്ലബ് ചുമതല |
|---|---|---|---|
| 1 | Padmanabhan. K. | H.M. | |
| 2 | Shuguna. K.G. | Hindi | ഹിന്ദി |
| 3 | Jomol. P.J | Social Science | സാമൂഹ്യ ശാസ്ത്രം |
| 4 | Rekhamol. Ajith | Basic Science | സയൻസ് |
| 5 | Nimisha Joseph | Malayalam | വിദ്യാരംഗം |
| 6 | Nimisha Mathew | English | ഇംഗ്ലീഷ് |
| 7 | Shamna. P.C. | English | ഇംഗ്ലീഷ് |
| 8 | Athira Sebastian | Maths | ഗണിതം |
| 9 | Jesna Jose | Maths | സ്റ്റാഫ് സെക്രട്ടറി |
| 10 | Aneesha John | Basic Science | സയൻസ് |
| 11 | Jilna Jacob | English | വിദ്യാരംഗം |
| 12 | Ligima. K.L. | Computer | ഐ.ടി |
| | Jincy Pathrose | Social science | സാമൂഹ്യ ശാസ്ത്രം |
| | Louna Jose | Social science | ഇക്കോ ക്ലബ് |
| | Akhila Jacob | Computer | ഐ.ടി |

# പ്രശ്നങ്ങൾ/വെല്ലുവിളികൾ

## അക്കാദമികം

1. മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.
2. റിസോഴ്സ് അധ്യാപകരുടെ കുറവ്.
3. ഓരോ കുട്ടിയുടെയും കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ കഴിയുന്നില്ല.
4. പ്രാദേശിക വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
5. വ്യത്യസ്ത മേഖലകളിൽ പരിശീലനം നേടിയ അധ്യാപകരുടെ അഭാവം.

## ഭൗതികം

1. റിസോഴ്സ് റൂമുകളുടെ അഭാവം.
2. ഭൂമിശാസ്ത്രപരമായ ഘടന.
3. ക്ലാസ് ലൈബ്രറിക്ക് വിപുലമായ സൗകര്യമില്ല.

## സാമൂഹികം

1. ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് രക്ഷിതാക്കൾ, സാമൂഹ്യപ്രവർത്തകർ

ഉണ്ണിവർക്ക് ആവശ്യമായ അവബോധം ഇല്ല.

2. വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യ പങ്കാളിത്തം ഉണ്ടാകുന്നില്ല.

3. കലാസാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും വികസിക്കുന്നില്ല.

4. കലാ-കായിക പ്രവൃത്തി പരിചയ സാംസ്കാരിക പരിപാടികൾ ഏകോപിപ്പിക്കുന്നതിനും സഹായിക്കുന്നതിനും സമൂഹത്തിലെ ഉന്നതരുടെ സഹായം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മേഖല - യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം, ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം: പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം<br>ജൂൺ മാസം | മലയാളം അധ്യാപകർ | |
| | ഭാഷാകേളി<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 2) പഠിതാവിൽ അർത്ഥപൂർണമായ വായന ഉറപ്പുവരുത്തുക. | <u>വാർത്താലോകത്തിലേക്ക്:</u><br>പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | മലയാളം ക്ലബ്ബ് |
| | <u>വാർത്താവായന</u><br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുക്കുന്ന കുട്ടികൾക്ക് അവസരം നൽകുന്നു. | | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ, ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നു പ്രാവശ്യം | മലയാളം അധ്യാപകർ | മലയാളം ക്ലബ്ബ്. |

| | | | | |
|---|---|---|---|---|
| 3) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരൻമാരെയും മറ്റ് കലാകാരൻമാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | PTA സ്കൂൾ | PTA |
| 4) സാഹിത്യ കൃതികളോടും സാഹിത്യകാരൻമാരോടുമുള്ള അനുകൂല മനോഭാവങ്ങൾ വളർത്തുക, വഴി പഠിതാക്കളുടെ സർഗശേഷി വളർത്തൽ. | സംവാദം / മുഖാമുഖം.<br>സാഹിത്യകാരൻമാർ, എഴുത്തുകാർ. കലാകാരൻമാർ, എന്നിവരുമായുള്ള അഭിമുഖസംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ടു പ്രാവശ്യം | മലയാളം അധ്യാപകർ | മലയാളം ക്ലബ്ബ്. |

# മേഖല : യു. പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി കവിശകലനം |
|---|---|---|---|---|
| 1) 5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് പ്രദർശനം. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) ഹിന്ദി വായന തെറ്റുകൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും, മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി.ഡി തഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 3) ഹിന്ദി സംസാരം ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവു ണ്ടാക്കി എടുക്കും. നിത്യജീവിതത്തിൽ ആവശ്യം വരുന്നത്. ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസിൽ കൊണ്ടുവരും. വായനയ്ക്ക്: ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും. കുട്ടികൾ ശ്രദ്ധയോടെ അത് ശരിയായി വായിക്കും., മത്സര വായന തെറ്റാതെ ആവർത്തിക്കാതെ, പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകും. | ആഴ്ച്ചയിൽ ഒരു തവണ. | ഹിന്ദി അധ്യാപകൻ | ഹിന്ദി ക്ലബ്ബ്. |

Subject : UP. ENGLISH

| Aim | Activities | Month | Responsible Person | Economic Source. |
|---|---|---|---|---|
| To encourage Listening and Speaking<br>Introduce different genres (Fiction, non-fiction, poetry)<br>Enhance vocabulary.<br>Enhance listening skills | Interactive Storytelling Sessions discussing, themes characters and plots to enhance listening skills.<br>Group discussions and role-plays to improve speaking skills.<br>Vocabulary games and exercises to build word knowledge. | June | English Teachers | English club. |
| To encourage Reading<br>Develop basic reading writing, Listening and speaking skills. | Interactive Reading Circles<br>Divide students into small groups and provide them with age | | | |

| | | | | |
|---|---|---|---|---|
| Cultivate effective Communication skills for various Contexts. | appropriate texts, such as short stories or ~~ex~~ excerpts from novels.<br><br>Each group reads the assigned text text together and discusses key elements like plot, characters and themes.<br><br>Encourage students to take turns reading aloud and share their interactions, and interpretations and reactions to the text<br><br>Guided reading sessions with Comprehension questions, Listening Comprehension exercises. | July | English teachers | English club. |

| | | | |
|---|---|---|---|
| To Develop writing skills introduce grammatical Concepts such as parts of speech, tenses and sentence structure | Improve Sentence Structure Practice for Simple Creative writing tasks like descriptive Paragraphs, Short Stories. and Simple Poetry. | | |
| To Develop basic grammar rules. | Projects and research assignments to foster critical thinking. | | |
| Focus on sentence structure, punctuation and grammar. | Focus on developing Paragraphs and Essays | | |
| | Preparing and delivering Speeches, Listening and analysing different media Sources. | | |
| Introduce different types of writing, narrative, descriptive Persuasive etc. | Interactive grammar games. Worksheets on Parts of Speech, Punctuation and Sentence. | | |

# മേഖല : യു. പി. സയൻസ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിഭവങ്ങൾ |
|---|---|---|---|---|
| 1) ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | നിസർഗ്ഗസന്ധി - ജൈവവൈവിധ്യ പാർക്ക്. ഔഷധ തോട്ടം, പച്ചക്കറിത്തോട്ടം കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം. | സയൻസ് ക്ലബ്ബ്<br>ഹെൽത്ത് ക്ലബ്ബ് | P.T.A<br>സയൻസ് ക്ലബ്ബ്. |
| | കണ്ടറിയാനൊരു യാത്ര. വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ. | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| 2) ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | സയൻസ് ക്ലബ്, ഊർജ്ജ ക്ലബ് എന്നിവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ്. |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | വിസ്മയ യാത്ര. ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ്. |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണാത്മകത വർദ്ധിപ്പിക്കൽ. | ഇലക്ട്രോണിക്, റോബോട്ടിക്സ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ്. |

## മേഖല: യു.പി സാമൂഹ്യശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാം |
| --- | --- | --- | --- | --- |
| 1) സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കാൻ നേടിയെടുക്കൽ. | സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശീലിക്കുന്നതിന് പ്രോജക്ടുകൾ ഒരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ. | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual field trip<br>ICT സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സോഷ്യൽ ക്ലബ്. |
| 3) ജനാധിപത്യപരമായ ജീവിതസമീപനം രൂപപ്പെടുത്തുക. | വിദ്യാലയത്തിൽ നിന്ന് അരങ്ങേണ്ടത്. ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം | | | |

| | | | | |
|---|---|---|---|---|
| | പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | | | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാൻമാരാക്കുന്നു. | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമന സേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്രം അധ്യാപകർ | സോഷ്യൽ ക്ലബ്ബ് |
| 5) സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. സ്വരൂപിച്ച സാധനങ്ങൾ ദുരന്ത പ്രദേശത്തെത്തിച്ച് നൽകുന്നു. | അക്കാദമിക വർഷം | എല്ലാ അധ്യാപകരും | ആരോഗ്യ ക്ലബ്ബ് സോഷ്യൽ ക്ലബ്ബ്. |

# മേഖല - യു.പി. ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം. |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു. | ഗണിത ശില്പശാല കളികളിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ് എന്നിവ ഉപയോഗിക്കുന്നു) | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2) രസകരമായ ഗണിതശാസ്ത്ര പഠനവും അചലന ശേഷികളുടെ വികാസവും | ഒറിഗാമി ശില്പശാല. ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം. | ഗണിത അധ്യാപകർ. | |

| | | | | |
|---|---|---|---|---|
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും. | |
| 4) ഗണിതം മധുരമാക്കൽ. | ജ്യാമിതിയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്. |
| 5) ഗണിതമേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ. | ഗണിതഗ്രാമം. ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യം ഉണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ രണ്ടോ മൂന്നോ തവണ | ഗണിത അധ്യാപകർ ക്ലബ്ബ് ലീഡർമാർ | പി.ടി.എ |

# മേഖല - ആരോഗ്യകായിക വിദ്യാഭ്യാസം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| 1) കുട്ടികളിൽ കായികക്ഷമത വർധിപ്പിക്കുക. | * കായിക ക്ഷമതയുള്ള കുട്ടികളെ തിരഞ്ഞെടുത്ത് ആവശ്യമായ പരിശീലനം നൽകുക.<br>* സ്പോർട്സ് ക്ലബ്ബുകൾ സംഘടിപ്പിക്കുക.<br>* യോഗ, സൈക്ലിംഗ്, നീന്തൽ എന്നിവയിൽ പരിശീലനം നൽകുക.<br>* പ്രദേശത്തുള്ള കായിക പ്രതിഭകളുടെ സേവനം ലഭ്യമാക്കുക.<br>* യോഗാക്ലാസുകൾ സംഘടിപ്പിക്കുക. | ജൂൺ മുതൽ | | |
| * സ്പോർട്സ് ഉപകരണങ്ങളുടെ ശരിയായ ഉപയോഗം. | * കുട്ടികൾക്ക് പരിശീലനത്തിന് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുക. | | | സ്റ്റാഫ് P.TA |

| | | | | |
|---|---|---|---|---|
| 3) കുട്ടികൾക്ക് താൽപര്യമുള്ള ഇനങ്ങൾ തെരഞ്ഞെടുക്കുവാനുള്ള അവസരങ്ങൾ നൽകുക. | * കായിക പ്രതിഭാ പദ്ധതി താൽപര്യമുള്ള ഇനങ്ങളിൽ വിദഗ്ദ്ധ പരിശീലനം. | | | |
| 4) കായികതാരങ്ങൾക്ക് വേണ്ട പ്രോത്സാഹനം നൽകുക. | * കായിക പ്രതിഭകളെ ആദരിക്കൽ | വർഷത്തിൽ ഒരു തവണ | കായിക അധ്യാപകൻ, PTA | പിടിഎ. |
| 5) കുട്ടികളുടെ ആരോഗ്യസ്ഥിതി അടുത്തറിയുക. | * വൈദ്യപരിശോധന<br>* ആരോഗ്യ ക്ലാസുകൾ.<br>* സി.ഡി. പ്രദർശനം.<br>* സീസണൽ രോഗങ്ങളെക്കുറിച്ച് ബോധവൽക്കരണം. | വർഷത്തിൽ രണ്ടു തവണ. | | ഹെൽത്ത് ക്ലബ്ബ് |
| 6) പ്രഥമ ശുശ്രൂഷയെ കുറിച്ചുള്ള ധാരണ വളർത്തിയെടുക്കുക. | * വിദഗ്ദ്ധരുടെ ക്ലാസുകൾ<br>* സി.ഡി. പ്രദർശനം<br>* പ്രഥമശുശ്രൂഷ കിറ്റ് - സൗകര്യം ലഭ്യമാക്കൽ | വർഷത്തിൽ ഒരു തവണ | കായിക അധ്യാപകർ. | ഹരിത ക്ലബ്ബ്. |

## മേഖല - ഐ.ടി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| * ആവശ്യമായ കമ്പ്യൂട്ടറുകളുടെ എണ്ണം ഉറപ്പു വരുത്തുക. | * ആവശ്യമായ കമ്പ്യൂട്ടറുകളുടെ ശേഖരണത്തിന് പി.ടി.എ, പൂർവ്വ വിദ്യാർത്ഥികളെ സമീപിക്കുന്നു. | അക്കാദമിക വർഷാരംഭം | | പൂർവ്വ വിദ്യാർത്ഥികൾ P.T.A |
| * വൈദ്യുതിയുടെ അഭാവത്തിൽ പാഠഭാഗങ്ങൾ പൂർത്തിയാവാനാകാത്ത സാഹചര്യങ്ങൾ ഒഴിവാക്കുക. | * മുഴുവൻ കമ്പ്യൂട്ടറുകളും പ്രവർത്തിക്കാനാവശ്യമായ ഇൻവെർട്ടർ സംവിധാനം ഒരുക്കുക. | വർഷാരംഭം | ഐ.ടി അധ്യാപകർ | PTA IT ക്ലബ്ബ്. |
| * സ്കൂളിലെ അക്കാദമിക വിവരങ്ങൾ രക്ഷിതാക്കളിലും പൊതുജനങ്ങളിലും എത്തിക്കുക. | * ഓരോ ആഴ്ചയിലേയും പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ട് യു-ട്യൂബ് വാർത്താചാനൽ തയ്യാറാക്കുക.<br>* ഓരോ ക്ലാസിലെയും whats-app ഗ്രൂപ്പുകൾ ആരംഭിക്കുക. | അക്കാദമിക വർഷാരംഭം | ക്ലാസ് ടീച്ചേഴ്സ്. | |

# ഉപസംഹാരം

ഈ അക്കാദമിക മാസ്റ്റർ പ്ലാൻ വിദ്യാർത്ഥികളുടെ സർവ്വോന്മുഖ വികസനത്തിനും അധ്യാപനത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും ഉദ്ദേശിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നതാണ്. അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹകരണത്തോടെ വിദ്യാഭ്യാസത്തിന്റെ എല്ലാ മേഖലകളിലും സമഗ്ര പുരോഗതി കൈവരിക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു.

അധ്യാപകരുടെ വിദ്യാർത്ഥികളുടെയും വിവിധ ആവശ്യങ്ങൾ മനസിലാക്കി ആസൂത്രണം ചെയ്ത ഈ പദ്ധതി കൃത്യമായ രീതിയിൽ നടപ്പാക്കിയാൽ കുട്ടികളുടെ പഠന നിലവാരത്തിൽ ഉന്നതമാറ്റങ്ങൾ സാധ്യമാകും.

പുതുമയും പ്രായോഗികതയും സമന്വയിപ്പിച്ച ഈ പദ്ധതി ഓരോ വിദ്യാർത്ഥിയുടേയും അഭിരുചികളും കഴിവുകളും പൂർണമായി വികസിപ്പിക്കാൻ പൂർണമായി സഹായിക്കുന്നു. സ്കൂളിന്റെ ദീർഘകാല ദൗത്യത്തെ ശക്തിപ്പെടുത്താനും ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ഇതൊരു ഉറച്ച പടിയാവും.